# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2542 08.05.2017-ലെ മറുപടി

### മലപ്പുറം മണ്ഡലത്തിലെ ശുദ്ധജലക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള : | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | മലപ്പുറം മണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ | മലപ്പുറം നിയോജകമണ്ഡലത്തിൽ മലപ്പുറം, ആനക്കയം, കോട്ടൂർ എന്നീ മൂന്ന് കുടിവെള്ള പദ്ധതികളാണുള്ളത്. ഇവക്കായി കടലുണ്ടിപ്പുഴയിൽ മൂന്ന് തടയണകൾ നിലവിലുണ്ട്. ഇവയുടെ ഷട്ടറുകൾ ഡിസംബർ മാസത്തിൽ തന്നെ സ്ഥാപിച്ച് ജലം സംഭരിച്ചിരുന്നു. ഏപ്രിൽ ആദ്യ വാരത്തോടെ തടയണയിലെ ജലലഭ്യത കുറഞ്ഞപ്പോൾ മലപ്പുറത്തും ആനക്കയത്തും ചാലുകൾ കീറി വെള്ളമെത്തിച്ചും കയങ്ങളിൽ നിന്നും പമ്പ് സെറ്റുകൾ ഉപയോഗിച്ച് വെള്ളം കിണറുകളിൽ എത്തിച്ചും ഏപ്രിൽ അവസാനം വരെ പമ്പിംഗ് നടത്തിയിരുന്നു. തടയണകളിൽ ജല ലഭ്യത തീരെ കുറഞ്ഞതിനാൽ പമ്പിംഗ് നാമമാത്രമായേ നടത്തുവാൻ സാധിക്കുന്നുള്ളൂ. ഇപ്പോൾ മണ്ഡലത്തിലെ ജലക്ഷാമമുള്ള പ്രദേശങ്ങളിലേയ്ക്ക് വാട്ടർ അതോറിറ്റിയുടെ മൂർക്കനാടി പദ്ധതിയിൽ നിന്നു ടാങ്കർ ലോറികളിൽ ആവശ്യമായ വെള്ളം നൽകി വരുന്നു. |
| ബി | പ്രധാന ജലസ്രോതസ്സുകളായ ചാലിയാർ, കടലുണ്ടിപ്പുഴ എന്നിവിടങ്ങളിൽ പുതിയ തടയണകൾ (ചെക്ക് ഡാം) നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കുമോ; | ബി | ജലഅതോറിറ്റിയുടെ സ്രോതസ്സുകളിൽ ജലലഭ്യ കുറഞ്ഞ സ്ഥലങ്ങളിൽ തടയണകളുടെ (ചെക്ക് ഡാം) നിർമ്മാണം ജലസേചന വകുപ്പ് വഴി ഏറ്റെടുക്കുവാൻ കേരള വാട്ടർ അതോറിറ്റിയ്ക്ക് നിർദ്ദേശമുണ്ട്.<br>കടലുണ്ടിപ്പുഴ, ചാലിയാർ പുഴ എന്നിവയിൽ കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥാന നിർണ്ണയം ഉടൻ അന്തിമമാക്കുന്നതാണ്. |
| സി | നിലവിലുള്ള തടയണകൾ വഴി ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കുന്നുണ്ടോ; | സി | ചാലിയാർ പുഴയിലെ ഇടത്തരം നിർമ്മിതികൾ ആയ കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ്, ഓടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ്, പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയിൽ പരമാവധി വെള്ളം സംഭരിച്ച് നിർത്തിയിട്ടുണ്ട്. |
| ഡി | മണ്ഡലത്തിലെ ഏതെങ്കിലും തടയണകളിൽ റിപ്പയർ ജോലികൾ നടക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം; പ്രസ്തുത പണികൾ എന്ന ത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ? | ഡി | ജലഅതോറിറ്റിയുടെ അധീനതയിലുള്ള തടയണ കളിൽ റിപ്പയർ വർക്കുകൾ ഒന്നും ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

Renuka Sankar
സെക്ഷൻ ഓഫീസർ